**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1144** **04.02.2019-ൽ മറുപടിക്ക്**

**മുനമ്പം - അഴിക്കോട് പാലം**

| **ചോദ്യം**<br>**ശ്രീ.എസ്.ശർമ്മ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) മുനമ്പം - അഴിക്കോട് പാലം സംബന്ധിച്ച് നിലവിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) അഴീക്കോട് - മുനമ്പം പാലത്തിന്റെ പ്രവൃത്തിക്കായി 160 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചെങ്കിലും ഡിസൈൻ സംബന്ധമായ പോരായ്മകൾ ചൂണ്ടിക്കാണിച്ച് ലാന്റ് അക്വിസിഷന് മാത്രമായി 14.6 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. ഇപ്പോൾ ഡിസൈൻ സംബന്ധമായ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ(സാധാ) നം.358/2018/പൊ.മ.വ തീയതി 28/02/2018 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനത്തിനായി പണം അനുവദിച്ച് തൃശ്ശൂർ, എറണാകുളം ഭാഗങ്ങളിലെ സാമൂഹികാഘാത പഠനം നടത്തിയിട്ടുള്ളതും എറണാകുളം ഭാഗത്തെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. അഴീക്കോട് ഭാഗത്ത് ഏറ്റെടുക്കേണ്ട ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ അധീനത യിലുള്ള 49.50 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ച് അളന്ന് തിട്ടപ്പെടുത്തു- ന്നതിലേക്കായി കൊടുങ്ങല്ലൂർ താലൂക്ക് തഹസിൽദാർക്ക് സ്കെച്ച് സഹിതം അപേക്ഷയും എൻ.ഒ.സി- യ്ക്കായി ഫിഷറീസ് വകുപ്പിലേക്ക് അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. മുനമ്പം ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പൊന്നുവില നടപടിയിൽ കണ്ടിജൻസി തുകയായ 30,13,333/-രൂപ |

| | |
|---|---|
| | റവന്യൂ വകുപ്പിനു ലഭിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) സ്ഥലമെടുപ്പിനും, ഡിസൈനിനും വേണ്ടി വരുന്ന വിവിധ നടപടി ക്രമങ്ങൾക്ക് ആവശ്യമായി വരുന്ന സമയം മാത്രമാണ് ടി പദ്ധതിയിൽ വന്നിട്ടുള്ളത്. |

S. Bindu

സെക്ഷൻ ഓഫീസർ